# കേരള സർവകലാശാല

നം. പി.ആർ.020/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക്. (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2013 സ്കീം ) 2017 ജനുവരി/ഫെബ്രുവരി പരീക്ഷയുടേയും മൂന്നാം സെമസ്റ്ററിൽ വരുന്ന ഒന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ മ്യൂസിക് ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലൈ/ആഗസ്റ്റ്/സെപ്തംബർ മാസങ്ങളിൽ നടത്തിയ എം.എ മ്യൂസിക് (പ്രീവിയസ് & ഫൈനൽ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ.എം.എസ് ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി പത്ത് വരെ അപേക്ഷിക്കാം.

### പുനപരിശോധന തീയതി നീട്ടി

കേരള സർവകലാശാല 2016 ഡിസംബർ 30ന് പ്രസിദ്ധീകരിച്ച ബി.എ ഒന്നാം വർഷത്തേയും രണ്ടാം വർഷത്തേയും വാർഷിക പരീക്ഷാഫലത്തിന്റെ പുനപരിശോധന തീയതി 2017 ഫെബ്രുവരി 28 തീയതി വരെ നീട്ടി.

### മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റേണ്ടതാണ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി കംമ്പ്യൂട്ടർ സയൻസ് റീ അപ്പീയറൻസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫിസിൽ നിന്നും ജനുവരി 30,31 തീയതികളിൽ ഹാൾടിക്കറ്റും, ഡിഗ്രികോപ്പിയും സഹിതം കൈപ്പറ്റേണ്ടതാണ്.

വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ പ്രീവിയസ്, ഫൈനൽ (റെഗുലർ/റീ അപ്പീയറൻസ്) പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫിസിൽ നിന്നും ജനുവരി 30,31 തീയതികളിൽ ഹാൾടിക്കറ്റും, ഡിഗ്രികോപ്പിയും സഹിതം കൈപ്പറ്റേണ്ടതാണ്.

### പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് ജനുവരി 29ന് പാളയം എസ്.ഡി.ഇ സെന്ററിൽ വച്ച് പ്രാക്ടിക്കൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

<u>**ബി.എ/ബി.കോം/ബി.ബി.എ - എൽ.എൽ.ബി പരീക്ഷ**</u>

**ഫെബ്രുവരി 27-ന് തുടങ്ങുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ/ബി.കോം/ബി.ബി.എ - എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി ആറ് (50 രൂപ പിഴയോടെ ഫെബ്രുവരി എട്ട്, 250 രൂപ പിഴയോടെ ഫെബ്രുവരി 10) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

<u>**മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ**</u>

**കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ആറിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

<u>**ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപേർഡ്) ഓൺ ലൈൻ രജിസ്ട്രേഷൻ**</u>

**കേരള സർവകലാശാല നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപേർഡ്) കോഴ്സിന്റെ മൂന്ന്, അഞ്ച്, ഏഴ് സെമസ്റ്റർ പരീക്ഷകൾക്കായുളള ഓൺ ലൈൻ രജിസ്ട്രേഷൻ ജനുവരി 28 മുതൽ 31 വരെയും, ഇന്റേണൽ (സി.ഇ) മാർക്കുകൾ ഫെബ്രുവരി ഒന്ന് മുതൽ ഏഴ് വരെയും അതാതു കോളേജുകൾക്ക് അപ്ലോഡ് ചെയ്യാവുന്നതാണ്.**

തിരുവനന്തപുരം.
27.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: <u>ku.release@gmail.com</u>** **website: <u>www.keralauniversity.ac.in</u>**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**